# സാമൂഹികനീതിയും മെറിറ്റും പരിരക്ഷിച്ച് പുതിയ സ്വാശ്രയനിയമം

സ്വാശ്രയകോളേജുകളിലെ പ്രവേശനവും ഫീസും നിയന്ത്രിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നു. സുപ്രീം കോടതിയുടെ ഇനാംദാർ കേസിലെ വിധിയുടെയും ഭരണഘടനയുടെ 2005-ലെ 93-ാം ഭേദഗതിയുടെയും പിൻബലത്തിലാണ് ഈ നിയമത്തിന് ആധാരമായ ബില്ല് തയ്യാറാക്കിയത്. പ്രൊഫഷണൽ കോളേജുകളിൽ 85% സീറ്റിലും സർക്കാർ നടത്തിയ എൻട്രൻസ് പരീക്ഷയുടെ റാങ്ക്‌ലിസ്റ്റിൽ നിന്ന് പ്രവേശനം ഉറപ്പാക്കുന്നതാണ് നിയമത്തിന്റെ പ്രത്യേകത.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളവരെ സഹായിക്കാൻ സർക്കാരിന് കൂടുതൽ അധികാരം നൽകുന്ന ഭരണഘടനയുടെ 93-ാം ഭേദഗതി ഉപയോഗിച്ച് സംസ്ഥാനത്തെ സാമൂഹിക സാഹചര്യം മെച്ചപ്പെടുത്തുന്ന നിർദേശങ്ങളും നിയമത്തിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സാമ്പത്തിക സംവരണത്തിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് 12% സീറ്റുകൾ, പട്ടികജാതി-പട്ടികവർഗവിഭാഗത്തിന് 10%, പിന്നോക്കവിഭാഗത്തിന് 25%, വികലാംഗർക്ക് 3%, ജനറൽ മെറിറ്റ് 18%, കലാകായിക പ്രതിഭകൾക്ക് 2%, മാനേജ്മെന്റുകൾക്കുള്ള പ്രിവിലേജ് സീറ്റ് 15%, എൻ.ആർ.ഐ. ക്വാട്ട 15% എന്നിങ്ങനെ സീറ്റുകൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. എൻ.ആർ.ഐ. സീറ്റുകളിലെ പ്രവേശനമൊഴികെ ബാക്കിയെല്ലാം പൊതുപ്രവേശന ലിസ്റ്റിൽ നിന്നായിരിക്കും. പ്രിവിലേജ് സീറ്റ് പൊതുപ്രവേശനലിസ്റ്റിൽ നിന്നും മാനേജ്മെന്റുകളുടെ താത്പര്യപ്രകാരം നല്കാം.



**എം.എ. ബേബി**
വിദ്യാഭ്യാസ മന്ത്രി



മെറിറ്റ് നേടുന്നവർക്ക് പഠനത്തിന് സാമ്പത്തിക പിന്നോക്കാവസ്ഥ തടസ്സമാകരുതെന്ന ശക്തമായ മാനദണ്ഡമാണ് നിയമത്തിന്റെ അടിത്തറ. ഇതിനായി പ്രത്യേക സ്കോളർഷിപ്പ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ വിനിയോഗത്തിന് അഡ്മിനിസ്ട്രേറ്ററെ നിയോഗിക്കും. ഫീസും പ്രവേശനവും നിയന്ത്രിക്കാൻ അർദ്ധ ജുഡീഷ്യൽ അധികാരമുള്ള രണ്ട് കമ്മിറ്റികൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥ പ്രകാരം ഡിസംബർ 31ന് സ്വാശ്രയകോളേജുകളുടെ ഫീസ് നിശ്ചയിക്കണം. മൂന്ന് വർഷത്തേയ്ക്കായിരിക്കും ഫീസ് കാലാവധി. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനശിക്ഷയും വ്യവസ്ഥ ചെയ്യുന്നു. വിദ്യാഭ്യാസം വാണിജ്യോപാധിയല്ല എന്ന ഇടതുപക്ഷസർക്കാരിന്റെ ശക്തമായ നയം നിയമത്തിൽ പ്രതിഫലിക്കുന്നു. പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കുള്ള ഫീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഫീസ് റഗുലേറ്ററി കമ്മറ്റി നിശ്ചയിക്കും.

ന്യൂനപക്ഷ കോളേജുകളെ സംബന്ധിച്ച് വ്യക്തമായ നിർവചനവും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏക യൂണിറ്റായി കണക്കാക്കി അവിടത്തെ ആകെ ജനസംഖ്യയുടെ 50%ത്തിൽ കുറവായ വിഭാഗത്തെ മാത്രമേ (ഭാഷാ പരമായോ, മതപരമായോ) ന്യൂനപക്ഷമായി പരിഗണിക്കാവൂ എന്നും ന്യൂനപക്ഷപദവി ലഭിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം ഭൂരിപക്ഷ വിഭാഗം നടത്തുന്ന സ്ഥാപനങ്ങളെക്കാൾ ആനുപാതികമായി കുറവായിരിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

ന്യൂനപക്ഷ കോളേജുകളിൽ 50% സീറ്റ് കോളേജ് നടത്തുന്ന സമുദായത്തിൽപ്പെട്ടവരും സംസ്ഥാനത്ത് താമസിക്കുന്നവരുമായ വിദ്യാർത്ഥികൾക്കാണ്. ഇതിൽ പകുതി മെറിറ്റിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിലും പകുതി മെറിറ്റടിസ്ഥാനത്തിലും പ്രവേശിപ്പിക്കണം. രണ്ടും പൊതുപ്രവേശന റാങ്ക്‌ലിസ്റ്റിൽ നിന്നായിരിക്കണം. ശേഷിച്ച 50% സീറ്റിൽ 20% പരീക്ഷാക്കമ്മീഷണർക്ക് അവകാശപ്പെട്ടതാണ്. ഇതിൽ 10% ജനറൽ മെറിറ്റിലും 10% വരുമാനത്തിന്റെയും മെറിറ്റിന്റെയും അടിസ്ഥാനത്തിലും പ്രവേശിപ്പിക്കും. എൻ.ആർ.ഐ. സീറ്റ് 15%വും മാനേജ്മെന്റിന്റെ പ്രിവിലേജ് സീറ്റ് 15% വുമാണ്.

# വളർച്ചയുടെ ഹേതു വായന

അസമത്വം ഇല്ലാതാക്കി സാമൂഹികമാറ്റത്തിന് നേതൃത്വം നല്കാൻ വായന അനിവാര്യമാണെന്ന് വിദ്യാഭ്യാസമന്ത്രി എം.എ. ബേബി പറഞ്ഞു. തിരുവനന്തപുരത്ത് ടാഗോർ സെന്റിനറി ഹാളിൽ വായന വാരാചരണത്തിന്റെ സംസ്ഥാനതലചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വായനയെ നാം ഒരു മഹാപ്രസ്ഥാനമാക്കണമെന്ന് ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ച പന്ന്യൻ രവീന്ദ്രൻ എം.പി. പറഞ്ഞു. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരു കുട്ടി മാതൃഭാഷ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്യണമെന്ന് ചടങ്ങിൽ സംബന്ധിച്ച പി.ഗോവിന്ദപിള്ള പറഞ്ഞു.



വായനവാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി എം.എ.ബേബി നിർവഹിക്കുന്നു.

ഒ.എൻ.വി. കുറുപ്പ്, എൻ.എ. കരീം, ഡോ. ജി. ബാലമോഹൻ തമ്പി, കാനായി കുഞ്ഞിരാമൻ, പ്രൊഫ.കെ. ഓമനക്കുട്ടി എന്നിവരെ ഗുരുവന്ദനം നടത്തി ആദരിച്ചു.

വായന വാരാചരണത്തോടനുബന്ധിച്ച് നടന്ന ആരോഗ്യ-സാക്ഷരതാ തുടർവിദ്യാഭ്യാസ സെമിനാർ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു.

വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അഴിമതി നിരോധനവും മനുഷ്യാവകാശവും ഏകദിന ശില്പശാല വനം വകുപ്പ് മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു.

വികേന്ദ്രീകൃതാസൂത്രണവും വികസനവും ചർച്ചാ സമ്മേളനം കേന്ദ്ര ആസൂത്രണ സഹമന്ത്രി എം.വി. രാജശേഖരൻ ഉദ്ഘാടനം ചെയ്തു.

വായനവാരാചരണ സമാപനസമ്മേളനം വി.ജെ.ടി. ഹാളിൽ ജലവിഭവമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പൊതുവിതരണമന്ത്രി സി.ദിവാകരൻ അധ്യക്ഷനായിരുന്നു. വിദ്യാഭ്യാസവകുപ്പ്, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, പി.എൻ. പണിക്കർ ഫൗണ്ടേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ജൂൺ 19 മുതൽ 25 വരെയാണ് വാരാചരണപരിപാടി സംഘടിപ്പിച്ചത്.

Edited, published, printed and owned by Jiji Thomson IAS, Principal Secretary, Information and Public Relations for Government of Kerala.
Published from Thiruvananthapuram and printed at Akshara Offset, Thiruvananthapuram, Kerala - 695 014.